"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - ഇടുക്കി ജില്ല- പുറപ്പുഴ ഗ്രാമ പഞ്ചായത്ത് ഓഫീസ് ക്ലർക്ക്, ശ്രീമതി സുനു. സി. ചന്ദ്രൻ - ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1768/2024/LSGD തീയതി,തിരുവനന്തപുരം, 25-09-2024

പരാമർശം:-

1. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10.01.2017ലെ എ3-393/04 നമ്പർ നടപടിക്രമം
2. തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ 19.08.2023ലെ LSGD/JD/IDK/2690/2023-A1 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.05.2024ലെ LSGD/PD/2968/2024-DEC3 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ പുറപ്പുഴ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്കായ ശ്രീമതി സുനു. സി. ചന്ദ്രൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 10.11.2016 തീയതിയിൽ സേവനത്തിൽ പ്രവേശിച്ചുവെന്നും ടിയാളുടെ നിയമനം പരാമർശം (1) പ്രകാരം ക്രമവൽകരിച്ചിട്ടുണ്ടെന്നും, നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ എം ഒ പി പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ ടിയാളുടെ നിരീക്ഷണ കാലയളവ് 10.11.2018 മുതൽ 09.11.2019 വരെ ഒരു വർഷത്തേയ്ക്ക് പരാമർശം (2) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ടെന്നും, മേൽ സാഹചര്യത്തിൽ ശ്രീമതി സുനു.സി.ചന്ദ്രന്റെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണ കാലയളവ്, എം.ഒ.പി പരീക്ഷ വിജയിച്ച 22.03.2023 തീയതിയുടെ തൊട്ടടുത്ത ദിവസമായ 23.03.2023 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് ടിയാളുടെ നിരീക്ഷണ കാലയളവ് 24.03.2023 വരെ ദീർഘിപ്പിച്ച നൽകുന്നതിനായി പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 22.03.2023 ൽ എം.ഒ.പി പരീക്ഷ വിജയിച്ച ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി സുനു.സി.ചന്ദ്രൻ - ന്റെ പ്രൊബേഷൻ 23.03.2023 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ്, KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 10.11.2019 മുതൽ 24.03.2023 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ജില്ലാ ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , ഇടുക്കി (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി,പുറപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീമതി.സുനു സി ചന്ദ്രൻ , ക്ലർക്ക് , പുറപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.104/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 25-09-2024 16:58:55

സെക്ഷൻ ഓഫീസർ